നിലവാരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കണമെന്ന കർശനനിർദേശം നൽകുകയും റേഷൻ സാധനങ്ങളുടെ പ്രതിമാസ ലഭ്യത പത്രമാധ്യമങ്ങൾ മുഖാന്തിരം പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നു. പൊതുവിതരണ സംവിധാനം സുഗമമായും സുതാര്യമായും പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായും പ്രവർത്തനം അവലോകനം ചെയ്യുന്നതിനുമായും സംസ്ഥാന/ജില്ല/ താലൂക്ക്/മുനിസിപ്പൽ/പഞ്ചായത്ത് തലത്തിൽ ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ രൂപീകരിച്ച് അവലോകനം നടത്തിവരുന്നു.

**കലോത്സവ മത്സരങ്ങളിൽ അനാരോഗ്യ പ്രവണതകൾ**

13 (*253) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കലോൽസവ മത്സരങ്ങളിൽ അപ്പീലുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അപ്പീലുകളുടെ എണ്ണം വർദ്ധിച്ചുവരുന്നതിനുള്ള കാരണം വിലയിരുത്തിയിട്ടുണ്ടോ ;

(സി) മത്സരങ്ങളിലെ അനാരോഗ്യ പ്രവണതകൾ തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇപ്പോൾ പാലക്കാട് നടന്നുവരുന്ന കലോൽസവത്തിന്റെ വിവിധ തലങ്ങൾ നേരിട്ട് വിലയിരുത്തി റിപ്പോർട്ട് ചെയ്യുവാൻ ഒരു സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

**പൊതുമരാമത്ത് വകുപ്പിൽ ഇ-പേമെന്റ് സംവിധാനം**

14 (*254) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ ഇ-പേമെന്റ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതിന്റെ രൂപീകരണംവഴി നേടാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ സംവിധാനംവഴി ലഭ്യമാക്കുന്നത് ;

(ഡി) ആരെല്ലാമാണ് ഈ സംവിധാനത്തിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) പൊതുമരാമത്ത് വകുപ്പിൽ 10-1-2012 തീയതിയിലെ സർക്കാർ ഉത്തരവ് (പി) നമ്പർ 6/2012/PWD പ്രകാരം ഇ-പേമെന്റ് നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. ഇതിനെത്തുടർന്ന് 15-2-2012 തീയതിയിലെ സർക്കാർ സർക്കുലർ നമ്പർ 28609/H3/2010/PWD പ്രകാരം വിശദമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. വകുപ്പിൽ ഇ-പേമെന്റ് സംവിധാനം ഭാഗികമായി നടപ്പിലാക്കിയിട്ടുണ്ട്.

(ബി & സി) പ്രസ്തുത സംവിധാനം മുഖേന പൊതുമരാമത്ത് വകുപ്പിലെ കരാറുകാരുടെയും മറ്റും പണമിടപാടുകൾ സുതാര്യമാക്കുന്നതിനും കരാറുകാർ ഓഫീസുകളിൽ കറിയിറങ്ങുന്ന രീതി നിർത്തലാക്കുന്നതിനും സാധിക്കും. കരാറുകാർക്ക് പൊതുമരാമത്ത് വകുപ്പിൽനിന്നും കിട്ടേണ്ടതായ തുക, അവരുടെ അക്കൗണ്ടിൽ നേരിട്ട് സുതാര്യവും സുരക്ഷിതവുമായി, താരതമ്യേന എളുപ്പത്തിലും ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. പണമിടപാടുകൾ വേഗത്തിലും മികവുറ്റ രീതിയിലും നടത്തുന്നതിനും അഴിമതി ഇല്ലാതാക്കുന്നതിനും ഇ-പേമെന്റ് സംവിധാനംവഴി കഴിയുന്നു. പ്രസ്തുത സംവിധാനംമുഖേന പൊതുമരാമത്ത് വകുപ്പിലെ കരാറുകാർക്ക് അവർ ചെയ്യുന്ന പ്രവൃത്തികളുടെ തുക നേരിട്ട് അവരുടെ അക്കൗണ്ടിലേക്ക് ലഭ്യമാക്കാൻ സാധിക്കും.

(ഡി) പൊതുമരാമത്ത് വകുപ്പ്, ധനകാര്യ വകുപ്പ്, ഐ. റ്റി. വകുപ്പ്, എൻ.ഐ.സി., ബാങ്കുകൾ തുടങ്ങിയവയാണ് ഈ സംവിധാനവുമായി സഹകരിക്കുന്നത്.

## ഹരിത നിർമ്മാണ നയം

15 (*255) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹരിത നിർമ്മാണ നയത്തിന് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത നയത്തിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(സി) സംസ്ഥാനത്തെ ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരം കാണാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly